**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5018** **01-11-2021 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളിലെ ഓൺലൈൻ സേവനങ്ങൾക്കുള്ള അനുബന്ധ ഉപകരണങ്ങളുടെ അഭാവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വില്ലേജ് ഓഫീസുകളിലെ ഓൺലൈൻ സേവനങ്ങൾ ജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കാത്തത് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ തുടങ്ങിയ അനുബന്ധ ഉപകരണങ്ങളുടെ അഭാവം കൊണ്ടാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | എങ്കിൽ ഓൺലൈൻ സേവനങ്ങൾ കാര്യക്ഷമമാക്കുവാൻ പ്രസ്തുത ഉപകരണങ്ങളുടെ അഭാവം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | പൊതുജനങ്ങൾക്ക് ഇ-ഗവർണൺസ് സേവനങ്ങൾ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾക്കു ഡെസ്ക്ടോപ്പ്, ലാപ്ടോപ്പ്, പ്രിന്റർ, സ്കാനർ എന്നിവ വിതരണം ചെയ്തിട്ടുള്ളതാണ്. റവന്യൂ സേവനങ്ങൾ ഇ-ഗവർണൺസ് സേവനങ്ങളായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് പരമാവധി സേവനങ്ങൾ ഓൺലൈൻ സേവനങ്ങളാക്കിയിട്ടുള്ളതിനാൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വിനിയോഗം വില്ലേജുകളിൽ വർദ്ധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ വില്ലേജ് ഓഫീസുകളിൽ ഉള്ള കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് പുറമേ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾക്ക് 623 ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം 143 ലാപ്ടോപ്പുകൾ, 59 മൾട്ടിഫങ്ഷൻ പ്രിന്ററുകൾ, 20 സ്കാനറുകൾ എന്നിവ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾക്ക് മാത്രമായി നൽകിയിട്ടുണ്ട്. മാത്രമല്ല 122 ലാപ്ടോപ്പുകൾ, 37 മൾട്ടിഫങ്ഷൻ പ്രിന്ററുകൾ എന്നിവ വില്ലേജുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ